"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - ശ്രീമതി എം. ലൈലാ ബീവി, W/o ഷാഹൽ ഹമീദ്(Late), 2A ആർ ടെക് ലേക് കാസിൽ, കാങ്കത്തുമുക്ക്, കൊല്ലം എന്ന വ്യക്തിയിൽ നിന്നും വിൽപ്പന നികുതിക്കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, കാരാപ്പുഴ കരയിൽ, ബ്ലോക്ക് നമ്പർ 153-ൽ, റീസർവ്വേ നമ്പർ 22-ൽ, 1.70 ആർ വസ്തു, ആംനെസ്റ്റി പദ്ധതി പ്രകാരം വിൽപ്പന നികുതിക്കുടിശ്ശിക ഒടുക്കുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് കക്ഷിയുടെ സ്വന്തം ചെലവിൽ തിരികെ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.175/2023/RD തീയതി,തിരുവനന്തപുരം, 27-07-2023

---

പരാമർശം:-

1. കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസറുടെ 15.11.2004 ലെ ഡി/1024/03 നമ്പർ നടപടിക്രമം
2. 01.03.2013 ലെ സ. ഉ. (എം.എസ്)നം.76/13/റവ നമ്പർ സർക്കാർ ഉത്തരവ്
3. 09.09.2020 തീയതിയിലെ റവ-എസ്1/28/2017-റവ നമ്പർ സർക്കാർ കത്ത്.
4. ശ്രീമതി എം. ലൈലാബീവി W/o ഷാഹൽ ഹമീദ് (Late), 2A ആർടെക് ലേക് കാസിൽ, കാങ്കത്തുമുക്ക്, കൊല്ലം എന്ന വ്യക്തി 27.12.2022 ന് സമർപ്പിച്ച അപേക്ഷ.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.03.2023-ലെ LR/1337/2023-LR(B6) നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി എം. ലൈലാ ബീവിയുടെ പേരിൽ വിൽപ്പന നികുതിക്കുടിശ്ശികയിനത്തിൽ അടയ്ക്കുവാനുണ്ടായിരുന്ന 5,29,240/- (അഞ്ച് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപ ഈടാക്കുന്നതിനായി ഏഴ് അർത്ഥനകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടിയുടെ ഭാഗമായി കക്ഷിയുടെ പേരിൽ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, ബ്ലോക്ക് നം. 153-ൽ, റീ സർവ്വേ നം. 22-ൽ, 1.70 ആർ വസ്തു ജപ്തി ചെയ്ത് ലേലം നടത്തുന്നതിന് കേരള റവന്യൂ റിക്കവറി നിയമം, 1968 ലെ 49-ാം വകുപ്പ്

പ്രകാരമുള്ള നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് വില്ലേജ് ഓഫീസിൽ പരസ്യപ്പെടുത്തിയതിന് ശേഷം നാല് തവണ ലേലം നടത്തിയെങ്കിലും ലേലം കൊള്ളാൻ ആളില്ലാത്തതിനാൽ, പ്രസ്തുത ഭൂമി സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കി ഏറ്റെടുക്കുകയും, കോട്ടയം ആർ.ഡി.ഒ യുടെ പരാമർശം (1) ലെ നടപടിക്രമം പ്രകാരം പ്രസ്തുത നടപടിക്ക് സ്ഥിരീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക കക്ഷി 2011-ൽ ആംനെസ്റ്റി പദ്ധതി പ്രകാരം വിൽപ്പന നികുതിക്കുടിശ്ശിക ഒടുക്കവരുത്തിയിട്ടുള്ളതായി ഏറ്റുമാനൂർ കൊമേഴ്സ്യൽ ടാക്സ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും, 2004-ൽ ബോട്ട്-ഇൻ-ലാൻഡാക്കിയ കേസിൽ 2011-ൽ കുടിശ്ശിക ഈടാക്കിയ അർത്ഥനാധികാരിയുടെ നടപടി തികച്ചും തെറ്റാണെന്നും, ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത ഭൂമി തിരികെ നൽകണമെന്ന് കുടിശ്ശിക കക്ഷി ആവശ്യപ്പെട്ടത് 15 വർഷങ്ങൾക്ക് ശേഷമാണെന്നും, 01.03.2013 ലെ സ.ഉ. (എം.എസ്)നം.76/13/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബോട്ട് ഇൻ ലാൻഡായി സർക്കാർ ഏറ്റെടുത്ത് അഞ്ച് വർഷത്തിന് ശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ഭൂമി തിരികെ നൽകേണ്ടതില്ലെന്നും, ഈ കേസിൽ 5 വർഷത്തിനകം കക്ഷി കുടിശ്ശിക ഒടുക്കുകയോ, അപേക്ഷ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ലെന്നും, അതിനാൽ കക്ഷിയുടെ അപേക്ഷ പരിഗണനാർഹമല്ലെന്നും പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) ആംനെസ്റ്റി പദ്ധതി പ്രകാരം കുടിശ്ശിക അടച്ച ശേഷം ബോട്ട്ഇൻ ലാൻഡ് തിരിച്ചുകിട്ടുന്നതിനായി ബഹു. കേരള ഹൈക്കോടതിയുടെ 06.04.2011 ലെ WP(C) 9681/2011 നമ്പർ കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി എം. ലൈലാ ബീവി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും, ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ കക്ഷി പാലിച്ചിട്ടില്ലാത്തതിനാൽ പരാമർശം (3) പ്രകാരം നിരസിക്കുകയും ചെയ്തിരുന്നു.

(3) പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം, സർക്കാർ ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കി ലേലസ്ഥിരീകരണം നടന്നതിന് ശേഷം 5 വർഷത്തിനുള്ളിൽ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ അടച്ചതിന് ശേഷം അപേക്ഷിക്കുന്ന വസ്തുവിന്റെ യഥാർത്ഥ ഉടമസ്ഥനോ, നിയമപരമായ അവകാശികൾക്കോ ഭൂമി തിരികെ നൽകാവുന്നതാണ്. എന്നാൽ ഈ കേസിൽ വസ്തു സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻ ഡാക്കിയിട്ടുള്ളത് 15.11.2004 നാണ്. ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിനുള്ള

സർക്കാർ ഉത്തരവിലെ സമയപരിധിക്ക് ശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീമതി എം. ലൈലാ ബീവി, W/o ഷാഹുൽ ഹമീദ് (Late), 2A ആർടെക് ലേക് കാസിൽ, കാങ്കത്തുമുക്ക്, കൊല്ലം എന്ന വ്യക്തിയിൽ നിന്നും വിൽപ്പന നികുതിക്കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, കാരാപ്പുഴ കരയിൽ, ബ്ലോക്ക് നമ്പർ 153-ൽ, റീസർവ്വേ നമ്പർ 22-ൽ, 1.70 ആർ വസ്തു, ആംനെസ്റ്റി പദ്ധതി പ്രകാരം വിൽപ്പന നികുതിക്കുടിശ്ശിക ഒടുക്കുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് കക്ഷിയുടെ സ്വന്തം ചെലവിൽ തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(5) കോട്ടയം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ് : 1. ശ്രീമതി എം. ലൈലാബീവി W/o ഷാഹുൽ ഹമീദ് (Late), 2Aആർടെക് ലേക് കാസിൽ, കാങ്കത്തുമുക്ക്, കൊല്ലം

2. പൊതുഭരണ (എസ്. സി) വകുപ്പ് (26.07.2023 ലെ ഇനം. നം.1666 പ്രകാരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള,തിരുവനന്തപുരം.
4. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
5. ജില്ലാ കളക്ടർ, കോട്ടയം.
6. തഹസിൽദാർ, കോട്ടയം
7. വില്ലേജ് ഓഫീസർ, കോട്ടയം
8. നിയമ വകുപ്പ് (20.04.2023 ലെ OPN-G2/65/2023-LAW) നമ്പർ പ്രകാരം)
9. ധനകാര്യ വകുപ്പ്(23.05.2023-ലെ EXP-B3/175/2020-FIN നമ്പർ പ്രകാരം
10. വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
11. ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 27-07-2023 16:49:53
സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. ബഹു. റവന്യൂ-ഭവന നിർമ്മാണം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

3. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്

4. അഡീഷണൽ സെക്രട്ടറി, റവന്യൂ (എസ്) വകുപ്പ്

5. അണ്ടർ സെക്രട്ടറി, റവന്യൂ (എസ്) വകുപ്പ്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-07-2023

ഫയൽ നം. റവ-എസ്3/154/2023/റവ. ഇനം നം: 1666

വിഷയം : റവന്യൂ വകുപ്പ് - ശ്രീമതി. എം. ലൈലാ ബീവി, എന്ന വ്യക്തിയിൽ നിന്നും വിൽപ്പന നികുതിക്കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, കാരാപ്പുഴ കരയിൽ, ബ്ലോക്ക് നമ്പർ 153-ൽ റീസർവ്വെ നമ്പർ 22-ൽ, 1.70 ആർ വസ്തു, ആംനെസ്റ്റി പദ്ധതി പ്രകാരം വിൽപ്പന നികുതി കുടിശ്ശിക ഒടുക്കുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് തിരികെ നൽകാൻ കേരള റവന്യൂ റിക്കവറി നിയമത്തിലും നിലവിലെ സർക്കാർ ഉത്തരവുകളിലും വ്യവസ്ഥയില്ലെങ്കിലും ഒരു പ്രത്യേക കേസായി പരിഗണിച്ച് കക്ഷിയുടെ സ്വന്തം ചെലവിൽ തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

27/7

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

1666

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | റവ-എസ്3/154/2023-റവ |
| 2 | വകുപ്പ് | റവന്യൂ (എസ്) വകുപ്പ്. |
| 3 | വിഷയം | ശ്രീമതി എം. ലൈലാ ബീവി, എന്ന വ്യക്തിയിൽ നിന്നും വിൽപ്പന നികുതിക്കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, കാരാപ്പുഴ കരയിൽ, ബ്ലോക്ക് നമ്പർ 153-ൽ, റീസർവ്വേ നമ്പർ 22-ൽ, 1.70 ആർ വസ്തു, ആംനെസ്റ്റി പദ്ധതി പ്രകാരം വിൽപ്പന നികുതിക്കുടിശ്ശിക ഒടുക്കുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് തിരികെ നൽകാൻ കേരള റവന്യൂ റിക്കവറി നിയമത്തിലും നിലവിലെ സർക്കാർ ഉത്തരവുകളിലും വ്യവസ്ഥയില്ലെങ്കിലും ഒരു പ്രത്യേക കേസായി പരിഗണിച്ച് കക്ഷിയുടെ സ്വന്തം ചെലവിൽ തിരികെ നൽകുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22.06.2023 |
| 5 | | |
| | (i) ഇത് സാമ്പത്തിക ബാദ്ധ്യത-യുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി ചിത്ര കെ. ദിവാകരൻ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | 11.07.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.07.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21.07.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.07.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ശ്രീമതി എം. ലൈലാ ബീവി, W/o ഷാഹുൽ ഹമീദ്(Late), 2A ആർടെക് ലേക് കാസിൽ, കാങ്കത്തുമുക്ക്, കൊല്ലം എന്ന വ്യക്തിയിൽ നിന്നും വിൽപ്പന നികുതിക്കുടിശ്ശിക ഈടാക്കുന്നതിനായി ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, കാരാപ്പുഴ കരയിൽ, ബ്ലോക്ക് നമ്പർ 153-ൽ, റീസർവ്വേ നമ്പർ 22-ൽ, 1 .70 ആർ വസ്തു, ആംനെസ്റ്റി പദ്ധതി പ്രകാരം വിൽപ്പന നികുതിക്കുടിശ്ശിക ഒടുക്കുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ, ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് തിരികെ നൽകാൻ കേരള റവന്യൂ റിക്കവറി നിയമത്തിലും, നിലവിലെ സർക്കാർ ഉത്തരവുകളിലും വ്യവസ്ഥയില്ലെങ്കിലും ഒരു പ്രത്യേക കേസായി പരിഗണിച്ച് സ്ഥലം തിരികെ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി എം. ലൈലാ ബീവിയുടെ പേരിൽ വിൽപ്പന നികുതിക്കുടിശ്ശികയിനത്തിൽ അടയ്ക്കുവാനുണ്ടായിരുന്ന 5,29,240/- (അഞ്ച് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപ ഈടാക്കുന്നതിനായി ഏഴ് അർത്ഥനകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടിയുടെ ഭാഗമായി കക്ഷിയുടെ പേരിൽ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, ബ്ലോക്ക് നം. 153-ൽ, റീ സർവ്വേ നം. 22-ൽ, 1.70 ആർ വസ്തു ജപ്തി ചെയ്ത് ലേലം നടത്തുന്നതിന് കേരള റവന്യൂ റിക്കവറി നിയമം, 1968 ലെ 49-ാം വകുപ്പ് പ്രകാരമുള്ള നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് വില്ലേജ് ഓഫീസിൽ പരസ്യപ്പെടുത്തിയതിന് ശേഷം നാല് തവണ ലേലം നടത്തിയെങ്കിലും ലേലം കൊള്ളാൻ ആളില്ലാത്തതിനാൽ പ്രസ്തുത ഭൂമി സർക്കാർ ബോട്ട്-ഇൻ-

ലാൻഡാക്കി ഏറ്റെടുക്കുകയും, 15.11.2004 ലെ ഡി/1024/03 നമ്പർ നടപടിക്രമ പ്രകാരം കോട്ടയം ആർ.ഡി.ഒ പ്രസ്തുത നടപടിക്ക് സ്ഥിരീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക കക്ഷി 2011-ൽ ആംനെസ്റ്റി പദ്ധതി പ്രകാരം വിൽപ്പന നികുതിക്കുടിശ്ശിക ഒടുക്കുവരുത്തിയിട്ടുള്ളതായി ഏറ്റുമാനൂർ കൊമേഴ്സ്യൽ ടാക്സ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും, 2004-ൽ ബോട്ട്-ഇൻ-ലാൻഡാക്കിയ കേസിൽ 2011-ൽ കുടിശ്ശിക ഈടാക്കിയ അർത്ഥനാധികാരിയുടെ നടപടി തികച്ചും തെറ്റാണെന്നും, ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത ഭൂമി തിരികെ നൽകണമെന്ന് കുടിശ്ശിക കക്ഷി ആവശ്യപ്പെട്ടത് 15 വർഷങ്ങൾക്ക് ശേഷമാണെന്നും, 01.03.2013 ലെ സ.ഉ. (എം.എസ്) നം.76/13/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബോട്ട് ഇൻ ലാൻഡായി സർക്കാർ ഏറ്റെടുത്ത് അഞ്ച് വർഷത്തിന് ശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ഭൂമി തിരികെ നൽകേണ്ടതില്ലെന്നും, ഈ കേസിൽ 5 വർഷത്തിനകം കക്ഷി കുടിശ്ശിക ഒടുക്കുകയോ അപേക്ഷ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ലെന്നും, അതിനാൽ കക്ഷിയുടെ അപേക്ഷ പരിഗണനാർഹമല്ലെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ആംനെസ്റ്റി പ്രകാരം കുടിശ്ശിക അടച്ച ശേഷം ബോട്ട്-ഇൻ-ലാൻഡ് തിരിച്ചുകിട്ടുന്നതിനായി ബഹു. കേരള ഹൈക്കോടതിയുടെ 06.04.2011 ലെ WP(c) 9681/2011 നമ്പർ കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി എം. ലൈലാ ബീവി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും, ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ കക്ഷി പാലിച്ചിട്ടില്ലാത്തതിനാൽ 09.09.2020 ന് റവ-എസ്1/28/2017-റവ നമ്പർ കത്ത് പ്രകാരം പ്രസ്തുത അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു.

4. 01.03.2013 ലെ സ. ഉ. (എം. എസ്)നം.76/13/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, സർക്കാർ ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കി ലേലസ്ഥിരീകരണം നടന്നതിന് ശേഷം 5 വർഷത്തിനുള്ളിൽ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ അടച്ചതിന് ശേഷം അപേക്ഷിക്കുന്ന വസ്തുവിന്റെ യഥാർത്ഥ ഉടമസ്ഥനോ, നിയമപരമായ അവകാശികൾക്കോ ഭൂമി തിരികെ നൽകാവുന്നതാണ്. എന്നാൽ ഈ കേസിൽ വസ്തു സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയിട്ടുള്ളത് 15.11.2004 നാണ്. ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിനുള്ള സർക്കാർ ഉത്തരവിലെ സമയപരിധിക്ക് ശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

5. ഈ വിഷയം സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 01.03.2013 ലെ സ.ഉ (എം.എസ്).76/13/റവ, 03.05.2013 ലെ സ.ഉ (എം.എസ്).181/13/റവ നമ്പർ ഉത്തരവുകൾ പ്രകാരം ഭൂമി സർക്കാർ ബോട്ട് ഇൻ ലാൻഡ് ആക്കി വിൽപന സ്ഥിരീകരണം നടത്തിയ തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക, കുടിശ്ശിക അടയ്ക്കുന്നത് വരെയുള്ള പലിശ, കളക്ഷൻ ചാർജ്ജ്, എന്നിവ അടച്ച് തീർത്ത് അപേക്ഷിക്കുന്നവർക്ക് ഭൂമി തിരികെ നൽകാവുന്നതും 2 വർഷത്തിനു ശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്ന ഭൂരഹിതരായവർ/ സ്വന്തമായി ഭൂമിയുള്ളവർക്ക് കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ ഭൂമിയുടെ കമ്പോള വില കൂടി അടച്ചാൽ പരമാവധി ഒരേക്കർവരെ ഭൂമി തിരികെ നൽകാവുന്നതാണെന്നും എന്നാൽ 5 വർഷത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് സർക്കാരിന് ബാധ്യതയില്ല*

എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേസിൽ 2004 ൽ bought in land ആക്കിയ ഭൂമിയ്ക്ക് 2011 ൽ കുടിശ്ശിക ഈടാക്കിയ അർത്ഥനാധികാരിയുടെ നടപടി പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ടിയാരിക്കെതിരെ കുടിശ്ശികകളൊന്നും നിലവിലില്ലാ എന്ന് കാണുന്നു. എന്നാൽ, G.A.Mohanan Vs. Commercial Tax officer (WP(C) 14780/2009) എന്ന കേസിൽ ബഹു. കേരള ഹൈക്കോടതി 09/06/2017 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഇപ്രകാരം നിരീക്ഷിച്ചിട്ടുള്ളതാണ്.

"when there was no misrepresentation on the part of the debtor and the Government accepted the amount without any objection, the Government is bound to reconvey such land as bought-in land"....by allowing the petitioners to discharge their liability, the Government is creating an obligation for reconveyance" എന്നിങ്ങനെ നിരീക്ഷണം നടത്തിയിട്ടുള്ളതുമാണ്. അതായത് കബളിപ്പിക്കൽ കൂടാതെ കുടിശ്ശികക്കാരൻ കുടിശ്ശിക അടവാക്കുകയും എതിർപ്പൊന്നും കൂടാതെ ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്താൽ ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നത് സർക്കാരിന്റെ ബാധ്യതയായി മാറുന്നതാണ് എന്നാണ് ടി വിധിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ വിൽപ്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം വില്ലേജിൽ ബ്ലോക്ക് നം. 153 ൽ റീ സർവ്വേ നം. 22 ൽ 1 70 ആർ വസ്തു അപേക്ഷകയ്ക്ക് തിരികെ നൽകുന്ന വിഷയത്തിൽ ഭരണ വകുപ്പിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ് എന്നറിയിക്കുന്നു"

6. ഈ വിഷയം സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

" വിൽപ്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം വില്ലേജിൽ ബ്ലോക്ക് നം. 153 ൽ റീ സർവ്വേ നമ്പർ 22 ൽ 1.70 ആർ വസ്തു ശ്രീമതി ലൈലാബീവിക്ക് തിരികെ നൽകുന്ന വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പിന് തന്നെ ഉചിതമായ തീരുമാനമെടുക്കാവുന്നതാണ് എന്നറിയിക്കുന്നു. കൂടാതെ നിലവിലെ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് സ്റ്റാറ്റ്യൂട്ടറി പരിരക്ഷ നൽകുന്നതിനും, റിക്കവറി അധികാരികളുടെ അറിവോ സമ്മതമോ കൂടാതെ റിക്വിസിഷൻ അധികാരികൾ തുക സ്വീകരിച്ചു വരുന്ന അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ ഭേദഗതി ആക്ടിലൂടെ ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന ധനവകുപ്പിന്റെ മുൻ അഭിപ്രായത്തിൽ ഭരണ വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു"

7. തുടർന്ന് വിൽപ്പന നികുതിക്കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, ബ്ലോക്ക് നം. 153-ൽ, റീ സർവ്വേ നം. 22-ൽ, 170 ആർ വസ്തു ശ്രീമതി ലൈലാ ബീവിക്ക് തിരികെ നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ ധനകാര്യ വകുപ്പിന്റെയും, നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ഫയൽ ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട വിഷയം

ശ്രീമതി എം. ലൈലാ ബീവി എന്ന വ്യക്തിയിൽ നിന്നും വിൽപ്പന നികുതിക്കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, കോട്ടയം വില്ലേജിൽ, കാരാപ്പുഴ കരയിൽ, ബ്ലോക്ക് നമ്പർ 153-ൽ, റീസർവ്വേ നമ്പർ 22-ൽ, 1 .70 ആർ വസ്തു, ആംനെസ്റ്റി പദ്ധതി പ്രകാരം വിൽപ്പന നികുതിക്കുടിശ്ശിക ഒടുക്കുവരുത്തിയിട്ടുള്ള സാഹചര്യത്തിൽ, ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് തിരികെ നൽകാൻ കേരള റവന്യൂ റിക്കവറി നിയമത്തിലും, നിലവിലെ സർക്കാർ ഉത്തരവുകളിലും വ്യവസ്ഥയില്ലെങ്കിലും ഒരു പ്രത്യേക കേസായി പരിഗണിച്ച് അപേക്ഷകയുടെ സ്വന്തം ചെലവിൽ തിരികെ നൽകാമോ?

1130
1/3/13

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ - പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ. 76/13 /റവ. തിരുവനന്തപുരം, തീയതി: 01-03-2013.

പരാമർശം:- 1) സ.ഉ.(എം.എസ്) നം.578/റവ തീയതി 30-06-1965.
2) സ.ഉ.(എം.എസ്) നം.88/68/റവ തീയതി 09-02-1968.

## ഉത്തരവ്

പരാമർശം ഒന്നിലേയും രണ്ടിലേയും സർക്കാർ ഉത്തരവുകൾ പ്രകാരം, സർക്കാർ ബോട്ട്-ഇൻ-ലാൻറ് ആക്കി മാറ്റി ലേലം ഉറപ്പിച്ച ശേഷം രണ്ടു വർഷത്തിനകം മുഴുവൻ കുടിശ്ശികയും ഭൂമി ഏറ്റെടുത്ത നാൾ മുതൽ തിരികെ കൊടുക്കുന്നതു വരെയുള്ള ഭൂനികുതിയും, പലിശയും, കളക്ഷൻ ചാർജ്ജും മറ്റു ചെലവുകളും അടച്ചു തീർത്ത് അപേക്ഷിക്കുന്ന യഥാർത്ഥ ഉടമസ്ഥനോ, നിയമപരമായ അവകാശികൾക്കോ ഭൂമി തിരികെ കൊടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

എന്നാൽ നിശ്ചിത കാലപരിധിയായ 2 വർഷത്തിനു ശേഷവും ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ധാരാളം അപേക്ഷകൾ സർക്കാരിലേക്ക് ലഭിക്കുന്നുണ്ട്.

പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി സർക്കാർ വാങ്ങിയ (bought-in) തീയതിമുതൽ രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക, കുടിശ്ശിക അടയ്ക്കുന്നതു വരെയുള്ള പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ച് തീർത്ത് അപേക്ഷിക്കുന്ന വർക്ക് ഭൂമി തിരികെ നൽകാവുന്നതാണ്.

ii) 2 വർഷത്തിനുശേഷം, 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ച ശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് 25 സെൻറ് സ്ഥലം വരെ തിരികെ

നൽകാവുന്നതാണ്. ഭൂരഹിതരായവർക്ക് 25 സെൻറിൽ കൂടുതൽ സ്ഥലം തിരികെ വേണമെന്നുണ്ടെങ്കിൽ മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ മുഴുവൻ സ്ഥലത്തിൻെറയും കമ്പോളവില കൂടി അടച്ചാൽ 1 ഏക്കർ സ്ഥലം വരെ തിരികെ നൽകാവുന്നതാണ്.

iii) 2 വർഷത്തിനു ശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്ന സ്വന്തമായി ഭൂമിയുള്ളവർക്ക് മുഴുവൻ കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ ഭൂമിയുടെ കമ്പോളവില കൂടി അടച്ചാൽ 1 ഏക്കർ ഭൂമി വരെ തിരികെ നൽകാവുന്നതാണ്.

iv) 5 വർഷത്തിനുശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ബോട്ട്- ഇൻ- ലാൻറ് തിരികെ നൽകേണ്ടതില്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.ഒ. സൂരജ്
സെക്രട്ടറി (ഇൻ ചാർജ്ജ് )

1) ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം..
2) എല്ലാ ജില്ലാ കളക്ടർമാർക്കും
3) അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
4) രജിസ്ട്രാർ, കേരളഹൈക്കോടതി } (ആമുഖ കത്തു സഹിതം)
5) സെക്രട്ടറി, കേരളനിയമസഭ
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം പ്രകാരം)
7) വിവര പൊതുജനസമ്പർക്ക വകുപ്പ്
8) ഡയറക്ടർ, വെബ് &ന്യൂ മീഡിയ ഡിവിഷൻ
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9) ധനകാര്യ വകുപ്പ്
10) റവന്യൂ (എസ്സ്) വകുപ്പ്
11) ഓഫീസ് കോപ്പി 12) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സെക്ഷൻ ആഫീസർ

8501
4/5/13

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചു കൊണ്ടുള്ള ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ. 181/13 /റവ. തിരുവനന്തപുരം, തീയതി: 03-05-2013.

പരാമർശം:- സ.ഉ. (എം.എസ്) നമ്പർ. 76/13 /റവ തീയതി 1-3-2013.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവിൽ ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ ഖണ്ഡിക (ii) താഴെപ്പറയുന്ന വിധത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ii) ഭൂമി സർക്കാർ വാങ്ങി (bought in) 2 വർഷത്തിന് ശേഷം 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ചശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് 25 സെൻറ് സ്ഥലം വരെ തിരികെ നല്കാവുന്നതാണ്. 2 വർഷത്തിന് ശേഷം 5 വർഷത്തിനകം കുടിശ്ശിക, പലിശ കളക്ഷൻ ചാർജ്ജ് എന്നിവ അടച്ചശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് 25 സെൻറിൽ കൂടുതൽ സ്ഥലം തിരികെ വേണമെന്നുണ്ടെങ്കിൽ, 25 സെൻറ് കഴിഞ്ഞ് വരുന്ന ഭൂമിക്ക് അതിൻെറ കമ്പോളവില കൂടി അടച്ചാൽ ആ വിധത്തിൽ പരമാവധി 75 സെൻറ് വരെ സ്ഥലം കൂടി (ആകെ പരമാവധി ഒരേക്കർവരെ) തിരികെ നൽകാവുന്നതാണ്."

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജി.കമലവർദ്ധന റാവു
സെക്രട്ടറി

1) ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം..
2) എല്ലാ ജില്ലാ കളക്ടർമാർക്കും
3) അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം.

4) രജിസ്ട്രാർ, കേരളഹൈക്കോടതി } (ആമുഖ കത്തു സഹിതം)
5) സെക്രട്ടറി, കേരളനിയമസഭ }
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം പ്രകാരം)
7) വിവര പൊതുജനസമ്പർക്ക വകുപ്പ്
8) ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9) ധനകാര്യ വകുപ്പ്
10) നിയമ വകുപ്പ്
11) റവന്യൂ (എസ്സ്) വകുപ്പ്
12) ഓഫീസ് കോപ്പി 13) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സെക്ഷൻ ആഫീസർ

**GOVERNMENT OF KERALA**
**(Shri. Pinarayi Vijayan Ministry)**
**Note for the Council of Ministers**

| | | | |
|---|---|---|---|
| 1 | File No. | : | REV-S3/154/2023-REV |
| 2 | Department | : | Revenue (S) Department. |
| 3 | Subject | : | Re-conveyance of 1.70 Ares of land; comprised in Re-survey No. 22, in Block No. 153, in Karappuzha kara of Kottayam village, in Kottayam District, which was taken over by Government as bought in land from Smt. M. Laila Beevi, for the realization of Sales Tax dues; to the petitioner at her own expenses, considering it as a special case, though there are no provisions either in the Kerala Revenue Recovery Act or in the existing Govt. orders for re-conveyance of bought in land after 5 years of confirmation of sale.-Reg |
| 4 | Date of Chief Minister's order for placing before the Council | : | 22.06.2023 |
| 5 | (i) Does the case involve financial commitments/ implications | : | Yes. |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | | Yes. Remarks of Finance Department is incorporated. |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes, Remarks of Law Department incorporated. |
| 7 | Name of Deputy Secretary who submitted the Draft Note | : | Chithra K. Divakaran |
| 8 | Name of Principal Secretary who approved the Draft Note | : | Smt. Tinku Biswal IAS |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 11.07.2023 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. Venu V. |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 18.07.2023 |
| 12 | Name of Minister who approved the Draft Note | : | Shri. K. Rajan |
| 13 | Date of approval of the Draft Note for the Council by the Minister | : | 21.07.2023 |
| 14 | Date of submission of fair copies | : | 24.07.2023 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and Date of G.O./letter communicating the decision | : | |

## NOTE FOR THE MEETING OF COUNCIL OF MINISTERS

This note relates to the re-conveyance of 1.70 Ares of land; comprised in Re-survey No. 22, in Block No. 153, in Karappuzha kara of Kottayam village in Kottayam District, which was taken over by Government as bought in land from Smt. M. Laila Beevi, W/o. Shahul Hameed (Late), No. 2A, Artech Lake Castle, Kankathumukku, Kollam for the realization of Sales Tax dues; to the petitioner, since she has remitted the sales tax dues under Amnesty Scheme;considering it as a special case, though there are no provisions either in the Kerala Revenue Recovery Act or in the existing Govt. orders for re-conveyance of bought in land after 5 years of confirmation of sale.

**2.** On the basis of the seven requisitions received in the name of Smt. Laila Beevi for the realization of sales tax dues amounting to Rs. 5,29,240/- (Rupees Five Lakh Twenty Nine Thousand Two Hundred and Forty Only), a sale notice was issued as part of revenue recovery proceedings u/s 49 of Kerala Revenue Recovery Act, 1968 for attaching 1.70 Ares of land comprised in Re-survey No. 22, in Block No. 153, in Karappuzha kara, in Kottayam village, in Kottayam District. The said notice was published in Village Office, and then auction was carried out four times, but in the absence of successful bidders, the said land was taken over by Government as bought in land and the procedure was confirmed by

the RDO, Kottayam as per proceedings No. D/1024/03 dated 15.11.2004. The Land Revenue Commissioner has reported that the Commercial Tax Officer, Ettumanoor has informed that the defaulter had settled the sale tax dues under the Amnesty Scheme in 2011, and the action of Requisition authority accepting the dues in 2011 was wrong since the land was taken over as bought in land in 2004. It is also reported that the defaulter has demanded for the re-conveyance of bought in land after prolonged 15 years and as per GO (Ms)No.76/13/RD dated, 01.03.2013, the bought in land shall not be re-conveyed to anyone, who applies for re-conveyance after five years, and also reported that her application shall not be considered, since the defaulter has not cleared the dues or submitted the application within the stipulated five years.

**3.** Smt. M. Laila Beevi has submitted an application for re-conveyance of bought in land after remitting the default amount as per Amnesty Scheme, on the basis of the judgment of Hon'ble High Court of Kerala dated, 06.04.2011 in WP(c) 9681/2011. Government have examined the application in detail and the same was rejected as per letter No. Rev-S1/28/2017-Rev dated, 09.09.2020, since the application submitted by the petitioner is not in accordance with the criteria specified in the Government Order

**4.** As per GO(Ms) No. 76/13/RD dated, 01.03.2013, the bought in land should be re-conveyed to the owner or legal heirs after remitting the dues, interest, collection charge and other

expenses within five years from the date of confirmation of sale. But in this case the land was taken over by Government as bought in land on 15.11.2004. The application for re-conveyance of bought in land was submitted after the prescribed time limit in the Government order.

**5. The remarks of Law Department in this case is given below:**

"ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 01.03.2013 ലെ സ.ഉ (എം.എസ്).76/13/റവ, 03.05.2013 ലെ സ.ഉ (എം.എസ്).181/13/റവ നമ്പർ ഉത്തരവുകൾ പ്രകാരം ഭൂമി സർക്കാർ ബോട്ട് ഇൻ ലാൻഡ് ആക്കി വിൽപന സ്ഥിരീകരണം നടത്തിയ തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക, കുടിശ്ശിക അടയ്ക്കുന്നത് വരെയുള്ള പലിശ, കളക്ഷൻ ചാർജ്ജ്, എന്നിവ അടച്ച് തീർത്ത് അപേക്ഷിക്കുന്നവർക്ക് ഭൂമി തിരികെ നൽകാവുന്നതും 2 വർഷത്തിനു ശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്ന ഭൂരഹിതരായവർ/ സ്വന്തമായി ഭൂമിയുള്ളവർക്ക് കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ ഭൂമിയുടെ കമ്പോള വില കൂടി അടച്ചാൽ പരമാവധി ഒരേക്കർവരെ ഭൂമി തിരികെ നൽകാവുന്നതാണെന്നും എന്നാൽ 5 വർഷത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് സർക്കാരിന് ബാധ്യതയില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേസിൽ 2004 ൽ bought in land ആക്കിയ ഭൂമിയ്ക്ക് 2011 ൽ കുടിശ്ശിക ഈടാക്കിയ അർത്ഥനാധികാരിയുടെ നടപടി പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ടിയാരിക്കെതിരെ കുടിശ്ശികകളൊന്നും നിലവിലില്ലാ എന്ന് കാണുന്നു. എന്നാൽ, G.A.Mohanan Vs. Commercial Tax officer (WP(C) 14780/2009) എന്ന കേസിൽ ബഹു. കേരള ഹൈക്കോടതി 09/06/2017 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഇപ്രകാരം നിരീക്ഷിച്ചിട്ടുള്ളതാണ്.

"when there was no misrepresentation on the part of the debtor and the Government accepted the amount without any objection, the Government is

*bound to reconvey such land as bought-in land"....by allowing the petitioners to discharge their liability, the Government is creating an obligation for reconveyance"* എന്നിങ്ങനെ നിരീക്ഷണം നടത്തിയിട്ടുള്ളതുമാണ്. അതായത് കബളിപ്പിക്കൽ കൂടാതെ കുടിശ്ശികക്കാരൻ കുടിശ്ശിക അടവാക്കുകയും എതിർപ്പൊന്നും കൂടാതെ ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്താൽ ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നത് സർക്കാരിന്റെ ബാധ്യതയായി മാറുന്നതാണ് എന്നാണ് ടി വിധിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ വിൽപ്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം വില്ലേജിൽ ബ്ലോക്ക് നം. 153 ൽ റീ സർവ്വേ നം. 22 ൽ 1.70 ആർ വസ്തു അപേക്ഷകയ്ക്കു തിരികെ നൽകുന്ന വിഷയത്തിൽ ഭരണ വകുപ്പിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ് എന്നറിയിക്കുന്നു"

**6. The remarks of Finance Department in this case is given as follows.**

" വിൽപ്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം വില്ലേജിൽ ബ്ലോക്ക് നം. 153 ൽ റീ സർവ്വേ നമ്പർ 22 ൽ 170 ആർ വസ്തു ശ്രീമതി ലൈലാബീവിക്ക് തിരികെ നൽകുന്ന വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പിന് തന്നെ ഉചിതമായ തീരുമാനമെടുക്കാവുന്നതാണ് എന്നറിയിക്കുന്നു. കൂടാതെ നിലവിലെ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് സ്റ്റാറ്റ്യൂട്ടറി പരിരക്ഷ നൽകുന്നതിനും, റിക്കവറി അധികാരികളുടെ അറിവോ സമ്മതമോ കൂടാതെ റിക്വിസിഷൻ അധികാരികൾ തുക സ്വീകരിച്ചു വരുന്ന അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ ഭേദഗതിആക്ടിലൂടെ ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന ധനവകുപ്പിന്റെ മുൻ അഭിപ്രായത്തിൽ ഭരണ വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു"

7. When file circulated for orders for the re-conveyance of 1.70 Ares of land comprised in Re-survey No. 22, in Block No. 153, in Karappuzha kara, in Kottayam village, in Kottayam District,

which was taken over by Government as bought in land from Smt. M. Laila Beevi for the realization of sales tax dues; on the basis of the remarks of Finance department and Law Department, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point for Decision**

Whether 1.70 Ares of land comprised in Re-survey No. 22, in Block No. 153, in Karappuzha kara, in Kottayam village, in Kottayam District, which was taken over by Government as bought in land from Smt. M. Laila Beevi, for the realization of sales tax dues may be re-conveyed to the petitioner at her own expenses, since the dues are remitted under Amnesty Scheme, considering it as a special case, though there are no provisions either in the Kerala Revenue Recovery Act or in the existing Government orders for re-conveyance of bought in land after 5 years of confirmation of sale.